# വിദ്യാർഥി സമരം

# ഇ.പി. ജയരാജന് വിമർശനവുമായി എഐവൈഎഫ് നേതാവ്

## ▶▶ വിമർശനം ഫേസ്ബുക് പോസ്റ്റിൽ

**കോഴിക്കോട്:** വിദ്യാർഥി സമരത്തോട് സിപിഎം കേന്ദ്രകമ്മിറ്റിയംഗം ഇ.പി. ജയരാജൻ നടത്തിയ അഭിപ്രായത്തിന് സിപിഐയുടെ യുവജന സംഘടനാ നേതാവിന്റെ രൂക്ഷമായ വിമർശനം. എഐവൈഎഫ് ജില്ലാ സെക്രട്ടറിയും സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമായ പി.ഗവാസാണ് തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ ഇ.പി. ജയരാജന്റെ സമരവീക്ഷണത്തിനെതിരെ രൂക്ഷമായ വിമർശനം ഉന്നയിച്ചത്.

എസ്എഫ്ഐ സമരരീതി മാറ്റണമെന്നും പഠിപ്പുമുടക്കി സമരം ചെയ്യാനല്ല വിദ്യാർഥി സംഘടനകൾ ശ്രമിക്കേണ്ടതെന്നും എസ്എഫ്ഐ കണ്ണൂർ ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ജയരാജൻ പറഞ്ഞിരുന്നു.

ഇതിനോടുള്ള പ്രതികരണമായിട്ടാണ് അദ്ദേഹത്തെ പരിഹസിച്ചും കടുത്ത വിമർശനം ഉന്നയിച്ചുകൊണ്ടും ഗവാസ് തന്റെ പ്രതികരണം ഫേസ്ബുക്കിലൂടെ രേഖപ്പെടുത്തിയത്. വ്യാപാരികൾക്ക് ഒരു പ്രശ്നം വന്നാൽ ഹർത്താൽ നടത്തുക ഇനി രാത്രിയിലാകണമെന്നാണോ, അല്ലെങ്കിൽ തൊഴിലാളി സമരങ്ങൾ ഞായറാഴ്ചയും നടത്തണമെന്നാണോ ഉദ്ദേശിച്ചതെന്ന ധ്വനി വരുന്ന രീതിയിലാണ് ഫേസ്ബുക്ക് പോസ്റ്റിലെ വിമർശനം തുടങ്ങുന്നത്. വ്യാപാരി നേതാവുകൂടിയായ സഖാവ് ഇ.പി. ജയരാജൻ വിദ്യാർഥി നേതാക്കളെ ഇത്തരത്തിലാണ് ഉപദേശിച്ചിരിക്കുന്നതെന്നും പരിഹസിക്കുന്നു.

വിദ്യാർഥി സമരങ്ങൾ ഇനി ശനിയാഴ്ചയേ പാടുള്ളൂ എന്ന പുത്തൻ ആശയം ഇത്ര വേഗമുണ്ടാകുമെന്ന് കരുതിയില്ലെന്നും ഗവാസ് പരിഹസിക്കുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിലെ തോൽവിയെപോലും വെറുതെ വിടാതെ സിപിഎമ്മിനേയും പോഷക സംഘടനകളേയും കണക്കറ്റ് വിമർശിക്കാനും ഗവാസ് മറന്നില്ല.

വിദ്യാർഥി നേതാക്കളാണ് എല്ലാം തുലച്ചത്. പഠിപ്പു മുടക്ക് സമരങ്ങൾ കാരണം കേരളത്തിൽ വിചാരിച്ചത് കിട്ടിയതുമില്ല. ബംഗാളിൽ മൊത്തം പോവുകയും ചെയ്തു എന്ന് തെരഞ്ഞെടുപ്പ് തോൽവിയെക്കുറിച്ച് ഗവാസ് വിമർശിക്കുന്നു.

എല്ലാവരുടേയും പഠനാവകാശം സംരക്ഷിക്കാൻ തന്നെയാണ് വിദ്യാർഥി സംഘടനകൾ പ്രവർത്തിക്കേണ്ടത്. പഠിപ്പു മുടക്കുകൾ അവസാന മാർഗമാകണം. എഐവൈഎഫ് പോലുള്ള യുവജന സംഘടനകൾ എത്രയോ മുമ്പുതന്നെ ഈ ആശയത്തിന്റെ വക്താക്കളാണ്. സമരരീതികളിൽ മാറ്റങ്ങളെക്കുറിച്ച് സ്വയം വിമർശനപരമായ ചർച്ചകൾക്ക് എസ്എഫ്ഐ തയാറാകണമെന്ന ഉപദേശവും ഗവാസ് നൽകുന്നുണ്ട്.

സമരങ്ങൾ അപ്രസക്തം, അത് വെറും ശനിയാഴ്ച കാഴ്ച മാത്രമെന്ന് ആരു പറഞ്ഞാലും ശരിവച്ചുകൊടുക്കാൻ ഏറെ പഴക്കമൊന്നുമില്ലാത്ത ഒരു വിദ്യാർഥി സംഘടനാ പ്രവർത്തകനും സാധിക്കുകയില്ലെന്നും ഗവാസ് പറയുന്നു.

# 'മൊബൈൽ' ബാറുകൾ സജീവം

**പുല്പള്ളി:** പുല്പള്ളിയിലും പരിസര പ്രദേശങ്ങളിലും മദ്യ വില്പന സജീവമായി. പുല്പള്ളിയിൽ മദ്യം ലഭിക്കാൻ സ്വന്തം മൊബൈൽ ഫോണിൽ നിന്ന് ഒരു മിസ്ഡ് കോൾ മാത്രം മതി. ഇഷ്ടപ്പെട്ട മദ്യം വേണ്ട അളവിൽ പറയുന്ന സ്ഥലത്തെത്തും. അത്രയ്ക്കു സജീവമാണ് പുല്പള്ളിയിൽ മൊബൈൽ ബാറുകൾ.

മിസ് കോൾ ചെയ്താൽ അടുത്ത നിമിഷം തിരികെ വിളിക്കും. മദ്യം ലഭിക്കുന്നതിന് ഒറ്റ കണ്ടീഷൻ മാത്രം. വിളിക്കുന്ന ആൾക്ക് പരിചയമുള്ള ആളായിരിക്കണം. ആളെ തിരിച്ചറിഞ്ഞാൽ പറയുന്ന സ്ഥലത്ത് മിനിറ്റുകൾക്കുള്ളിൽ മദ്യവുമായി ആളെത്തും. അമിത ചാർജ് ഒട്ടുമില്ല. കൊണ്ടുവരുന്ന ആളിന്റെ ഓട്ടോ കൂലിയും സാധാരണ ബാറിൽ നല്കുന്ന ഒരു ടിപ്പും. ഇത്തരത്തിൽ ആവശ്യക്കാർക്ക് മദ്യം എത്തിച്ചുകൊടുക്കാൻ പുല്പള്ളി മേഖലയിൽ ഓരോ കവലയിലും ആളുകളുണ്ട്.

ഒന്നോ രണ്ടോ പേർ വൻതോതിൽ മദ്യം വാങ്ങി സൂക്ഷിക്കും. അവരിൽ നിന്നുമാണ് ചില്ലറ വില്പനക്കാർ ആവശ്യക്കാർക്ക് മദ്യം എത്തിച്ച് കൊടുക്കുന്നത്. മദ്യം മാത്രമല്ല കഴിക്കാൻ ഭക്ഷണവും എത്തിച്ചുകൊടുക്കാൻ ഇവിടെ ആളുകളുണ്ട്. ടിപ്പ് 50 രൂപയോളമാകുമെന്നുമാത്രം. ആവശ്യമുള്ളതെല്ലാം ഡോർ ഡെലിവറിയായി സ്ഥലത്തെത്തുമെന്നതിനാൽ ടിപ്പ് നല്കാൻ ആർക്കും മടിയില്ല. ഗ്ലാസും വെള്ളവുമടക്കം സാധനങ്ങൾ എത്തുമെന്നതിനാൽ ആർക്കും അല്പം പോലും പരിഭവവുമില്ല. പുല്പള്ളിയിലുള്ള ബീവറേജ് കോർപറേഷന്റെ ചില്ലറ വില്പന ശാലയിലെ മദ്യം, ബാവലി, ബൈരൻകുപ്പ, മച്ചൂർ എന്നിവിടങ്ങളിൽ നിന്നുള്ള കർണാടക മദ്യം എന്നിവയാണ് പുല്പള്ളിയിൽ വ്യാപകമായി വിതരണം ചെയ്യുന്നത്.

ഒറ്റ നോട്ടത്തിൽ ഒരു പോലീസുകാരനും സംശയം തോന്നാത്ത തരത്തിലാണ്മദ്യം കൈമാറുന്നത്. ഇത്തരത്തിലുള്ള മദ്യ വില്പന തടയുന്നതിന് പൊലീസിനും എക്സൈസ് അധികൃതർക്കും പലപ്പോഴും കഴിയാറില്ല. പുല്പള്ളിയിൽ ബാർ പൂട്ടിയിട്ടും മദ്യം ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ അല്പം പോലും കുറവുണ്ടായിട്ടില്ല.

# വെള്ളിമൂങ്ങ കേസ്: പ്രതികളെ വെറുതെവിട്ടു

**മഞ്ചേരി:** ലക്ഷങ്ങൾ വിലമതിക്കുന്ന വെള്ളിമൂങ്ങയെ പിടികൂടി അനധികൃതമായി കൈവശം വച്ചതിന് വനം വകുപ്പ് ചാർജ് ചെയ്ത കേസിലെ രണ്ടു പ്രതികളെ മഞ്ചേരി ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി വെറുതെ വിട്ടു. കുറ്റിപ്പുറം കൈതൃക്കോവിലിൽ മാതാരി ഹംസ, കുടലത്ത് മേലേതിൽ ഹരീഷ് എന്നിവരെയാണ് വെറുതെ വിട്ടത്. 2009 ജൂൺ 20ന് ഹംസ പിടിച്ച വെള്ളിമൂങ്ങയെ സംരക്ഷിക്കുന്നതിന് കൂടു നിർമിക്കാൻ ഹരീഷിനെ ഏൽപ്പിക്കുകയായിരുന്നു. നാല് ദിവസം പ്രതികൾ നിയമവിരുദ്ധമായി വെള്ളിമൂങ്ങയെ കൈവശം വച്ചതിനാണ് കാളികാവ് ഫോറസ്റ്റ് റേഞ്ച് ഓഫീസർ വന്യജീവി സംരക്ഷണ നിയമ പ്രകാരം കേസെടുത്തത്.

വെള്ളിമൂങ്ങയാണ് പിടിക്കപ്പെട്ടത് എന്ന് തെളിവില്ല. പിടിച്ചത് വനമേഖലയിൽ നിന്നല്ല. പക്ഷിയെ കാക്കകൂട്ടത്തിൽ നിന്ന് രക്ഷിക്കുകയാണ് പ്രതികൾ ചെയ്തത് തുടങ്ങിയ പ്രതിഭാഗം അഭിഭാഷകനായ കെ. കെ. രാധാകൃഷ്ണന്റെ വാദം കോടതി അംഗീകരിക്കുകയായിരുന്നു.

# കോഴിക്കോട് കോർപറേഷൻ ശുചീകരണത്തിന്റെ പുതിയ പാതകളിലൂടെ

**റെജി ജോസഫ്**

കോഴിക്കോട് കോർപറേഷനിലെ മാലിന്യ നിർമാർജനത്തിനുള്ള വിവിധ പദ്ധതികൾ വിജയം കാണുകയാണ്. 82,639 വീടുകളിലായി എട്ടു ലക്ഷം ജനങ്ങൾ അധിവസിക്കുന്ന കോഴിക്കോട് നഗരത്തിൽ മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. 1012 ഹോട്ടലുകളും 12,853 വ്യാപാരസ്ഥാപനങ്ങളും 20 മാർക്കറ്റുകളും 300 ഓഫീസ് സ്ഥാപനങ്ങളും 58 ആശുപത്രികളും 21 ഓഡിറ്റോറിയങ്ങളുമുള്ള നഗരമാണ് കോഴിക്കോട്. ദിവസം 215 ടൺ മാലിന്യമാണ് കോഴിക്കോട് കോർപറേഷൻ പരിധിയിലുണ്ടാകുന്നത്. അതായത് ആളോഹരിമാലിന്യം 480 ഗ്രാം.ഇതിൽ 84 ശതമാനവും ജൈവമാലിന്യമാണ്. 47 ശതമാനം ഗാർഹിക മാലിന്യങ്ങളും 24 ശതമാനം ഹോട്ടലുകളുടെയും സ്ഥാപനങ്ങളുടെയും അവശിഷ്ടങ്ങളാണ്. വിവിധ പദ്ധതികളിലായി ഇവയുടെ സംസ്കരണം വിജയം കാണുന്നതായി കോർപറേഷൻ ആരോഗ്യ വിഭാഗം സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ജാനമ്മ കുഞ്ഞുണ്ണി വ്യക്തമാക്കി.

മാലിന്യസംസ്കരണ പദ്ധതികൾ വിജയം കണ്ടതോടെ മാലിന്യത്തിന്റെ അളവ് 55 ടണ്ണായി കുറഞ്ഞിരിക്കുന്നു. 400 തൊഴിലാളികളാണ് വിവിധ വാർഡുകളിൽനിന്ന് ഖരമാലിന്യം ശേഖരിക്കുന്നത്. മാലിന്യം വേർതിരിക്കുന്നതിലും സംസ്കരിക്കുന്നതിലും കുടുംബശ്രീ പ്രവർത്തകരുടെ അധ്വാനവും ഏറെ പ്രശംസനീയമാണ്. മാലിന്യനിക്ഷേപകേന്ദ്രമായ ഞെളിയൻപറമ്പ് മുൻകാലങ്ങളിലേതുപോലെ വഴിയാത്രക്കാരെയും സമീപവാസികളെയും അസ്വസ്ഥരാക്കുന്നില്ല ഇന്ന്. മാലിന്യം വേർതിരിച്ച് ജൈവവളം നിർമിക്കുന്ന പ്ലാന്റിന്റെ പ്രവർത്തനം സംസ്ഥാനത്തിന് തന്നെ മാതൃകയായിരിക്കുന്നു.

ചെറുവണ്ണൂർ നല്ലളം പഞ്ചായത്തിലെ ഞെളിയൻപറമ്പ് 1936ലാണ് കോഴിക്കോട് കോർപറേഷൻ വിലയ്ക്കെടുത്തത്. പതിനെട്ടര ഏക്കർ സ്ഥലത്ത് കാലങ്ങളോളം മാലിന്യം തള്ളിക്കൊണ്ടിരുന്നു. വീടുകളുടെയും ജനങ്ങളുടെയും എണ്ണം പെരുകിയതോടെ ഞെളിയൻ പറമ്പിലെ ജീവിതം ദുസഹമായി. കിണറുകളും പ്രദേശവും മലീമസമായി ദുർഗന്ധം വമിച്ചു. മെഡിക്കൽ കോളേജിലെയും ബീച്ച് ആസ്പത്രിയിലെയുമെല്ലാം മാലിന്യങ്ങൾ അവിടെ നിക്ഷേപിച്ചതോടെ, 1994 മുതൽ സമീപവാസികൾ സമരം തുടങ്ങി.

നീണ്ട പ്രക്ഷോഭങ്ങൾക്കൊടുവിലാണ് 2000 ജൂലായിൽ ആദ്യ സംസ്കരണ പ്ലാന്റ് ഉദ്ഘാടനം ചെയ്തത്. നിലവിൽ ഡൽഹി ആസ്ഥാനമായ ഐ.എൽ.ആൻഡ് എഫ്.എസ്. ആണ് മാലിന്യസംസ്കരണച്ചുമതല ഏറ്റെടുത്തത്. ദിവസം 200 ടൺ മാലിന്യം ഇവിടെ സംസ്കരിക്കുന്നു. വിവിധ പ്രക്രിയകൾക്കുശേഷം ഉത്പാദിപ്പിക്കപ്പെടുന്ന ജൈവവളം ചാക്കൊന്നിന് 350 രൂപയ്ക്കാണ് വിറ്റഴിക്കുന്നത്. മാസം 45,000 രൂപ മാലിന്യ സംസ്കരണ പ്ലാന്റ് കോർപറേഷന് പ്രതിഫലമായി നൽകുന്നുണ്ട്. വളം നിർമാണത്തിനുശേഷമുള്ള അവശിഷ്ടവും ഇവിടത്തെ മലിനജലവും സംസ്കരിക്കാൻ റാംകി കമ്പനിയുമായി ധാരണയായിട്ടുണ്ട്.

നഗരത്തിൽ ഏറ്റവും വിജയംകണ്ട പദ്ധതിയാണ് ഉറവിടമാലിന്യ സംസ്കരണം. റസിഡൻഷ്യൽ അസോസിയേഷൻ, കുടുംബശ്രീ, സഹായ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ഉറവിട മാലിന്യം സംസ്കരണ പദ്ധതി നടപ്പാക്കിവരുന്നത്. വീട്, കച്ചവട സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലും മാലിന്യസംസ്കരണ യൂണിറ്റുകളുണ്ട്. പൈപ്പ് കമ്പോസ്റ്റ് നിർമാണം, മണ്ണിര കമ്പോസ്റ്റ് നിർമാണം, ബയോഗ്യാസ് പ്ളാൻറ്, റിംഗ് കമ്പോസ്റ്റ് എന്നി വഴി മാലിന്യം ഉറവിടങ്ങളിൽതന്നെ സംസ്കരിച്ച് അവിടങ്ങളിൽതന്നെ ഉപയോഗിച്ചുവരുന്നു. ഒന്നാം ഘട്ടത്തിൽ 12,000 വീടുകളിലായിരുന്നു ഉറവിട മാലിന്യ സംസ്കരണം. നിലവിൽ 30,000 വീടുകളിലേക്ക് കൂടി വർധിപ്പിക്കുന്നതായി ജാനമ്മ കുഞ്ഞുണ്ണി വ്യക്തമാക്കി.

പ്ലാസ്റ്റിക് മാലിന്യത്തിന് പരിഹാരമാവുകയാണ് വെസ്റ്റ് ഹില്ലിലെ പുതിയ സംസ്കരണ പ്ലാന്റ്. മാസം 75 ടൺ പ്ലാസ്റ്റിക്കാണ് ഇവിടെ സംസ്കരിക്കുന്നത്. നഗരത്തിൽ പ്ലാസ്റ്റിക്കിന് പൂർണമായ നിരോധനമാണ് കോർപറേഷൻ ലക്ഷ്യമിടുന്നത്. ഇവിടെ പ്ലാസ്റ്റിക് പൊടിച്ച് പെല്ലറ്റും ഗ്രാന്യൂൾസുമായി മാറ്റുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്ലിംഗ് ചെയ്യുന്ന കേരളത്തിലെ ആദ്യത്തെ യൂനിറ്റാണ് കോഴിക്കോട് കോർപറേഷന് കീഴിൽ വെസ്റ്റിഹിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നത്. കോർപറേഷന്റെ ജനകീയാസൂത്രണ പദ്ധതിയിൻ കീഴിലാണ് റീസൈക്ലിംഗ് യൂനിറ്റിന്റെ പ്രവർത്തനം നടക്കുന്നത്.

40 സെന്റ് സ്ഥലത്ത് നിർമിച്ച യൂനിറ്റിൽ മാലിന്യങ്ങൾ കഴുകി ഉണക്കിപ്പൊടിച്ച് സംസ്കരിക്കുന്ന ആധുനിക സജ്ജീകരണമാണ് നടക്കുന്നത്. കുടുംബശ്രീ വഴിയാണ് മുഖ്യമായും പ്ലാസ്റ്റിക് ശേഖരിക്കുന്നത്. നല്ല പ്ലാസ്റ്റിക്കിന് കിലോക്ക് നാല് രൂപ നിരക്കിൽ വിലയും നൽകുന്നു. നഗരസഭയുടെ ഖരമാലിന്യസംസ്കരണ പദ്ധതിയുടെ ഭാഗമായി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 62 ലക്ഷം രൂപ ചെലവഴിച്ചാണ് പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂനിറ്റ് നിർമിച്ചത്. നഗരത്തിലെ പ്രധാന മാർക്കറ്റുകൾ കേന്ദ്രീകരിച്ച് ശുചീകരണം ഊർജിതമാക്കാനാണ് പുതിയ പദ്ധതികൾ. മത്സ്യമാർക്കറ്റ്, ടാഗോർ ഹാൾ, പാളയം, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ ബയോഗ്യാസ് യൂണിറ്റുകളുണ്ട്. വീടുകളിലും ഹോട്ടലുകളിലും ബയോഗ്യാസ് എത്തിക്കാനുള്ള പദ്ധതി കോർപറേഷൻ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു.



*കോഴിക്കോട് വെസ്റ്റ് ഹില്ലിലെ മാലിന്യ സംസ്കരണ പ്ലാന്റ്*

# സ്റ്റോപ്പ് മെമ്മോ നല്കിയ ക്വാറിയിലേക്ക് ലോഡുമായി പോയ ടിപ്പർ ലോറി മറിഞ്ഞു

**കല്പറ്റ:** നിരോധനം നിലനില്ക്കുന്ന ക്വാറിയിലേക്ക് കല്ലുകൊണ്ടു പോവുകയായിരുന്ന ടിപ്പർ ലോറി തലകീഴായി മറിഞ്ഞു. വെങ്ങപ്പള്ളിയിലാണ് അപകടം. തലനാരിഴയ്ക്കാണ് ദുരന്തം ഒഴിവായത്. പ്രദേശവാസികൾ കാലങ്ങളായി പരാതിയുന്നയിക്കുന്ന ക്വാറിയിലെ ക്രഷറിലേക്ക് കല്ലു കൊണ്ടു പോകുന്നതിനിടെയാണ് ലോറി മറിഞ്ഞത്.

ചൂരിയാറ്റയിലാണ് ടിപ്പർ ലോറി വയലിലേക്ക് മറിഞ്ഞത്. പഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ നല്കിയ പൊന്നടയിലെ ക്വാറിയിലേക്ക് കല്ലുമായി പോകുന്നതിനിടെ വയലിലേക്ക് ടിപ്പർ തലകീഴായി മറിയുകയായിരുന്നു. ക്വാറിയിലെ ക്രഷറിലേക്കാവശ്യമായ കല്ല് എത്തിക്കുന്നതിനിടെയായിരുന്നു അപകടം. ഡ്രൈവർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു.

ക്രഷർ പ്രവർത്തിക്കുന്നതിനെതിരെ പ്രദേശവാസികൾ പ്രക്ഷോഭം നടത്തുന്നുണ്ട്. ക്രഷർ പ്രവർത്തനം കാരണം സമീപത്തെ വീടുകൾക്ക് വിള്ളൽ ഉണ്ടായിട്ടുണ്ട്. തൊട്ടടുത്ത് താമസിക്കുന്ന ആദിവാസി കുടുംബങ്ങൾ ഭീതിയോടെയാണ് കഴിയുന്നത്.

ആദിവാസി ക്ഷേമ കോർപറേഷനിലുൾപ്പടെ ആദിവാസികൾ പരാതി നല്കിയെങ്കിലും ഫലമുണ്ടായിട്ടില്ലെന്ന് ആക്ഷൻ കമ്മിറ്റി കൺവീനർ വിജയൻ ചൂരിയാറ്റ പറഞ്ഞു. വീതി കുറഞ്ഞ റോഡിലൂടെയുള്ള ടിപ്പറുകളുടെ മരണപ്പാച്ചിലിനെതിരെയും നിരന്തരം പരാതി നല്കിയിരുന്നു. എന്നാൽ ഇത് നിയന്ത്രിക്കുന്നതിന് അധികൃതരുടെ ഭാഗത്തു നിന്നും നടപടിയുണ്ടായിട്ടില്ല. ക്വാറിക്കും ക്രഷറിനുമെതിരെയായിരുന്നു പ്രദേശവാസികൾ രംഗത്തെത്തിയതെങ്കിലും ക്വാറിക്കെതിരെ മാത്രം നടപടി സ്വീകരിച്ച് പഞ്ചായത്തധികൃതർ തലയൂരി.

ക്രഷറുകൾ പ്രവർത്തിക്കാൻ ജനവാസ കേന്ദ്രങ്ങളിൽ നിന്നും നൂറു മീറ്ററിലധികം ദൂരമെങ്കിലും പാലിക്കണമെന്നാണ് നിയമം. എന്നാൽ എൺപത് മീറ്റർ പരിധിയിൽ വരെ ഇവിടെ താമസക്കാരുണ്ട്.